**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**
**KSHB ശാന്തി നഗർ, തിരുവനന്തപുരം-1.**

**<u>ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം</u>**

**(നിലവിൽ: എ.ഷൈനാമോൾ, ഐ.എ.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-കേസ് നടത്തിപ്പിന്റെ കാര്യത്തിൽ സമയബന്ധിതമായ നടപികൾ സ്വീകരിക്കുന്നതിനും യഥാസമയം കോടതികളിൽ നിന്നും കൈപ്പറ്റി തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- സി.എ./62/2014/ഡി.ഇ.& റ്റി. നമ്പരായ 10.10.2014-ാം തീയതിയിലെ ബഹുമാനപ്പെട്ട ഡയറക്ടറുടെ സർക്കുലർ

---------------

**<u>ഉത്തരവ് നമ്പർ എ6/30593/14 തീയതി, 9.12.2014</u>**

ട്രെയിനിംഗ് ഡയറക്ടറേറ്റിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ചുണ്ടാകുന്ന കോടതിക്കേസ്സുകളിൽ തൽസമയം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി എറണാകുളം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും, തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും വകുപ്പിനെതിരേ വരുന്ന കോടതിക്കേസ്സുകളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും മോണിറ്റർ ചെയ്യുന്നതിനും സമയബന്ധിതമായി സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്സ് ഫയൽ ചെയ്യുന്നുണ്ടോയെന്നും കേസുകളിൽ സർക്കാർ പ്ലീഡർമാർക്ക് കേസ് വിവരം ബോധ്യപ്പെടുത്തികൊടുക്കുന്നതിനും കോടതിയിൽ നിന്നും അറിയിപ്പുകളും ഉത്തരവുകളും തൽസമയം ശേഖരിക്കുന്നതിനും ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അറിയിക്കുന്നതിനും താഴെപ്പറയുന്ന ലൈസൺ ആഫീസർമാരെ നിയമിച്ചു ഉത്തരവാകുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി എറണാകുളത്ത് ഓഫീസറായി ശ്രീ.ഇ.വി.കുട്ടപ്പനെയും (ഐ.ടി.എറണാകുളം) തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് ലൈസൺ ഓഫീസറായി ശ്രീമതി.പി.കെ. ഇന്ദിരയെയും (ഐ.ടി.തിരുവനന്തപുരം) നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനം സാധാരണ ജോലികൾക്ക് അതീതമായിട്ടായിരിക്കും. വ്യാവസായിക പരിശീലന വകുപ്പിനെതിരേ ഫയൽ ചെയ്യപ്പെടുന്ന കോടതിക്കേസ്സുകൾ സംബന്ധിച്ച വിവരം അതാത് ഗവൺമെന്റ് പ്ലീഡർമാരിൽ നിന്നും ശേഖരിച്ച് വകുപ്പ് ഡയറക്ടറെ കൃത്യസമയത്ത് അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം നടപടി സ്വീകരിക്കുന്നതായിരിക്കും.

ഒപ്പ്
**ട്രെയിനിംഗ് ഡയറക്ടർ**

സ്വീകർത്താവ്

1) ശ്രീ.ഇ.വി.കുട്ടപ്പൻ, ഐ.ടി., എറണാകുളം
2) ശ്രീമതി.പി.കെ. ഇന്ദിര, ഐ.ടി.ഐ. തിരുവനന്തപുരം.

പകർപ്പ്:-
1. എഡിറ്റി/ജെഡിറ്റി/ഡി.ഡി (റ്റി)/ ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡൈ്വസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. സി.എ. റ്റു ഡി.റ്റി.
3. എ6 സെക്ഷൻ (കരുതൽ ഫയൽ)

// ഉത്തരവിൻ പ്രകാരം //

അഡീഷണൽ ഡയറക്ടർ